## പതിമൂന്നാം കേരള നിയമസഭ
## 8-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2368 — 01/04/13-ൽ മറുപടിയ്ക്ക്

### സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ ഷിഫ്റ്റ് സമ്പ്രദായം

| | ചോദ്യം<br><br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാരാണ് മൂന്ന് ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി ചെയ്യുന്നത്; | (എ) | ഡോക്ടർമാർ, നഴ്സുമാർ, ഗ്രേഡ് I-ഉം II-ഉം ആശുപത്രി അറ്റൻഡർമാർ, നേഴ്സിംഗ് അസിസ്റ്റന്റുമാർ എന്നീ ജോലി നോക്കുന്നവരാണ് മൂന്ന് ഷിഫ്റ്റ് സമ്പ്രദായത്തിലുള്ളത് |
| (ബി) | നാളിതുവരെ G.O(Ms)84162/HLD Dated 14-11-1962 പ്രകാരം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ഹോസ്പിറ്റൽ അസിസ്റ്റന്റ് ആയി എത്ര പ്രൊമോഷൻ നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (ബി) | ഹോസ്പിറ്റൽ അസിസ്റ്റന്റിന്റെ തസ്തിക ആരോഗ്യവകുപ്പിൽ നിലവിലില്ല |
| (സി) | ഹോസ്പിറ്റൽ അസിസ്റ്റന്റ് ഗ്രേഡ് II,I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് നിലവിൽ എത്ര ഷിഫ്റ്റ് ജോലിയാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ഹോസ്പിറ്റൽ അസിസ്റ്റന്റ് തസ്തിക നിലവിലില്ല. നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഒരു ഷിഫ്റ്റും, ജില്ലാ/ജനറൽ ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റും, താലൂക്ക്/മേജർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഷിഫ്റ്റ് സമ്പ്രദായവുമാണ് നിലവിലുള്ളത്. |
| (ഡി) | നിലവിലുള്ള 2008 ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 12 ബഡ്ഡിന് ഒരു സ്റ്റാഫ് നഴ്സ് എന്നത് 10 ബഡ്ഡിന് ഒന്ന് എന്ന് പുതുക്കി നിശ്ചയിക്കുമോ ? | (ഡി) | സർക്കാർ ആശുപത്രികളിലെ ഓ.പി, വാർഡ്, ഓപ്പറേഷൻ തിയ്യറ്റർ, ഐ.സി.യു തുടങ്ങിയ വിവിധ സർവ്വീസുകൾക്ക് വ്യത്യസ്ത രീതിയിലുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്ന ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശത്തിൻപ്രകാരം ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ